PL. 16. ഇടയലേഖനം

# ക്രിസ്തുമസ് സന്ദേശം

മിശിഹായിൽ സ്നേഹം നിറഞ്ഞ വൈദികരേ, സമർപ്പിതരേ, മാതാപിതാക്കളേ, സഹോദരി സഹോദരന്മാരേ,

നിങ്ങൾക്കെല്ലാവർക്കും സമാഗതമാകുന്ന ക്രിസ്തുമസ്സിന്റെ മംഗളങ്ങൾ സ്നേഹപൂർവ്വം നേരുന്നു.

പ്രതീക്ഷാനിർഭരമായ ഈ മംഗളവാർത്തക്കാലത്തിൽ സകലജനങ്ങൾക്കുംവേണ്ടി സന്തോഷത്തിന്റെ സദ്വാർത്തയുമായി വന്ന ഈശോയെക്കുറിച്ച് നമുക്ക് ധ്യാനിക്കാം. ബെത്‌ലഹേമിലെ കാലിത്തൊഴുത്തിൽ മനുഷ്യനായി പിറന്ന ദൈവപുത്രൻ ‘‘യഹൂദനെന്നോ, ഗ്രീക്കുകാരനെന്നോ, അടിമയെന്നോ സ്വതന്ത്രനെന്നോ ഉള്ള വ്യ ത്യാസം ഇല്ലാതെ’’ (ഗലാ 3:28) എല്ലാം മനുഷ്യരുടെയും രക്ഷകനായാണ് അവതരിച്ചത്. ‘‘അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം ഭൂമിയിൽ സന്മനസുള്ളവർക്ക് സമാധാനം’’ (ലൂക്കാ 2:14) എന്ന് ഏറ്റു പാടിയ ദൈവദൂതന്മാരോടൊപ്പം വിദൂരദേശത്തുനിന്നും യാത്ര ചെയ്തെത്തിയ പൂജരാജാക്കന്മാരും സാധാണക്കാരായ ആട്ടിടയന്മാരും ഒന്നുചേർന്ന് ഒരേ മനസ്സോടെ ദൈവപുത്രനെ ആരാധിച്ച് വാഴ്ത്തി. അങ്ങനെ പുൽത്തൊഴുത്തിൽ ഭൂജാതനായ ദൈവപുത്രൻ സകല ജനപദങ്ങളെയും ഒരാലയിൽ ഒരിടയനു കീഴിൽ ഒന്നു ചേർക്കുന്ന സ്നേഹത്തിന്റെ കണ്ണിയായി മാറി. അങ്ങനെ മിശിഹായുടെ ഉത്ഥാനം വഴി സംസ്ഥാപിതമാകാനിരുന്ന, സകല ജനത്തിനും രക്ഷ പ്രദാനം ചെയ്യുന്ന തിരുസ്സഭയുടെ ആദ്യപതിപ്പായി ബെത്‌ലഹേമിലെ പുൽക്കുട് നവീകരിക്കപ്പെട്ടു.

പ്രിയമുള്ളവരേ, മിശിഹായുടെ ജനനത്തെത്തുടർന്നു ബെത്‌ലഹേമിൽ സംഭവിച്ച കൂട്ടായ്മയുടെ അനുഭവം ഒരുമയുടെയും സാഹോദര്യത്തിന്റെയും മനോഹരസന്ദേശം നമ്മെ പഠിപ്പിക്കുന്നു. ആഗോളസഭയിലെ ഈ വർഷത്തെ ചിന്താവിഷയവും ഇതുതന്നെയാണല്ലോ. സഭയെന്നാൽ വെറും ജനക്കൂട്ടമല്ല; മറിച്ച് ക്രിസ്തുവാകുന്ന കേന്ദ്രബിന്ദുവിലേക്ക് നിരന്തരം ഒന്നിച്ച് തീർത്ഥാടനം ചെയ്യുന്ന ദൈവജനത്തിന്റെ കൂട്ടായ്മയാണ്. അതുകൊണ്ടുതന്നെ സഭയിൽ ആരും ആർക്കും ഉപരിയല്ല. മറിച്ച് നമ്മളെല്ലാവരും ക്രിസ്തുവിൽ സഹോദരങ്ങളാണ്.

പുൽക്കൂട്ടിൽ പിറന്ന ദൈവപുത്രനെ കാണുവാനായി ബെത്ലഹേമിലേക്ക് യാത്രചെയ്തവരെ സുവിശേഷത്തിൽ നമ്മൾ കാണുന്നുണ്ട്. ഈ മംഗളവാർത്താക്കാലത്തിൽ ഇതുപോലുള്ള ഒരു ആത്മീയയാത്ര നമ്മളും നടത്തേണ്ടതുണ്ട്.യേശുവിലേക്കുള്ള നമ്മുടെ യാത്രയിൽ കൂടെ നടക്കുന്ന നമ്മുടെ സഹോദരങ്ങളെകൂടി പരിഗണിക്കുന്ന ഒരു മനസ്സ് നമുക്കുണ്ടാകേണ്ടത് ആവശ്യമാണ്. നമ്മെ പോലെ കഴിവോ സാമർത്ഥ്യമോ ജീവിത സാഹചര്യമോ ഉള്ളവരായിരിക്കണമെന്നില്ല നമ്മുടെ സഹയാത്രികർ. യാത്രയിൽ പലയിടത്തും വച്ച് പരാജയഭീതിയാലോ, ആത്മധൈര്യശോഷണത്താലോ വീണുപോയിരിക്കുന്നവരായിരിക്കാമവർ. ഒരു പക്ഷേ യാത്രതന്നെ അവസാനിപ്പിച്ച് തിരിച്ച് നടക്കാനാഗ്രഹിക്കുന്നവരും ഉണ്ടാകാം ഈ കൂട്ടത്തിൽ. ക്രിസ്തുവിൽ ഏകശരീരമായ നാം ഒരോരുത്തരും നമ്മുടെ സഹയാത്രികന്റെ തളർച്ചയിൽ താങ്ങായി മാറണം. അതിനാൽ ഈ ക്രിസ്തുമസ്സ് കാലത്ത് നമ്മുടെ അയൽക്കാരുമായുള്ള ബന്ധത്തിൽ വളരാൻ നമുക്ക് പരിശ്രമിക്കാം. വളരെകുറച്ച് കാലംമാത്രം ഈ ലോകത്തിൽ ജീവിച്ച് കടന്നുപോകുന്നവരാണ് നമ്മൾ. അതുകൊണ്ട് തന്നെ നിലനിൽക്കുന്ന പിണക്കങ്ങൾ നമ്മുടെ ഇടയിൽ ഉണ്ടാകാൻ പാടില്ല. ദൈവമായിരുന്നിട്ടും തന്നെത്തന്നെ ശൂന്യനാക്കി ദാസന്റെ രൂപം ധരിച്ച് കാലിത്തൊഴുത്തിൽ അവതരിച്ച മിശിഹായാണ് എളിമയുടെ കാര്യത്തിൽ നമ്മുടെ മാതൃക.

കാലിത്തൊഴുത്തിലെക്കുള്ള യാത്ര അതിബൃഹത്തും പ്രയാസകരവുമായതിനാൽ മടുപ്പുകൂടാതെ യാത്ര ചെയ്യുക എന്നുള്ളത് പരമപ്രധാനമാണ്. ഇതിന് ദൈവാശ്രയബോധം കൂടിയേത്തീരൂ. കിഴക്കുനിന്നും മിശിഹായുടെ ജനനത്തെ സൂചിപ്പിക്കുന്ന നക്ഷത്രത്തെ പിന്തുടർന്ന് ബെത്ലഹേമിലെ കാലിത്തൊഴുത്തിൽ എത്തിയ പൂജരാജാക്കന്മാർ തങ്ങളുടെ യാത്രയിൽ എത്രയോ തവണ പരാജയഭീതിയിൽ വീണുപോയിട്ടുണ്ടാവാം. അവരെ വഴിനടത്തിയ നക്ഷത്രം പലപ്പോഴും അവരുടെ കൺമുമ്പിൽ നിന്നും മറഞ്ഞിരുന്നിരിക്കാം. വഴിയിൽ ധാരാളം പ്രതിസന്ധികൾ അവർ നേരിട്ടിടുണ്ടാവാം. എങ്കിലും പ്രതീക്ഷ നഷ്ടപ്പെടാതെ അവർ മുൻപോട്ട് തന്നെ സഞ്ചരിച്ചു; പുൽക്കുട്ടിലെ ദൈവപുത്രനെ കണ്ട് വണങ്ങി. നമ്മുടെ ജീവിതയാത്രയും പ്രശ്നങ്ങളും പ്രതിസന്ധികളും നിറഞ്ഞതാണ്. പ്രതീക്ഷയുടെ നക്ഷത്രം നമ്മുടെ ജീവിതത്തിൽ നിന്ന് മറഞ്ഞ് നമ്മളും നിരാശരായേക്കാം. ഈ അവസരങ്ങളിൽ പുൽക്കൂട്ടിലെ രക്ഷകൻ

നമുക്ക് വേണ്ടി കാത്തിരിക്കുന്നു എന്ന ചിന്ത നമ്മെ ധൈര്യപ്പെടുത്തണം.

ബെത്‌ലഹേമിലെ മിശിഹായെ ആരാധിച്ചവരുടെ മടക്കയാത്രയും പ്രത്യേകതകൾ നിറഞ്ഞതായിരുന്നു. ഒരു ജീവിതകാലം മുഴുവൻ നീണ്ടുനിന്ന അന്വേഷണത്തിന്റെയും പ്രാർത്ഥനയുടെയും പരിസമാപ്തയിൽ ലോകരക്ഷകനെ കണ്ടുമുട്ടിയ ജ്ഞാനികൾ ദൈവിക വെളിപാടുപ്രകാരം പുതിയ വഴിയിലൂടെ യാത്ര തിരിച്ചു. മിശിഹായിലേക്കുള്ള യാത്ര എപ്പോഴും നമ്മുടെ വഴികളെയും കാഴ്ചപ്പാടുകളെയും പുനക്രമീകരിക്കുന്നവയാകണം. ആയിരം പുൽക്കൂടുകളിൽ ഉണ്ണി പിറന്നാലും നമ്മുടെ ഹൃദയങ്ങളിൽ മിശിഹ അവതീർണ്ണനാകുന്നില്ലെങ്കിൽ എന്തു പ്രയോജനം? അതുകൊണ്ട് തന്നെ ഈ ക്രിസ്തുമസ്സ് കാലം വലിയ ആന്തരിക പരിവർത്തനത്തിന്റെ കാലമായി നാം മാറ്റണം.

ഈ മംഗളവാർത്താക്കാലത്ത് സവിശേഷമായ കരുതലോടുകൂടി പരിഗണിക്കേണ്ട നിരവധി വിഷയങ്ങൾ നമ്മുടെ മുമ്പിലുണ്ട്. യുദ്ധത്തിന്റെ ഭീകരത നേരിടേണ്ടി വരുന്ന നിഷ്കളങ്കരായ ജനപദങ്ങൾ, തീവ്രവാദത്തിനിരയാകുന്നവർ, ഭവനരഹിതർ, ദാരിദ്ര്യം മൂലം ക്ലേശിക്കുന്നവർ, കുടുംബസമാധാനം നഷ്ടപ്പെട്ടവർ, തീരാരോഗികൾ, കടക്കെണിയിൽപ്പെട്ടു ദുരിതമനുഭവിക്കുന്നവർ, തൊഴിൽ നഷ്ടമായവർ എന്നിവരെയെല്ലാം നമുക്ക് പരിഗണിക്കാം.

പ്രിയമുള്ളവരേ, ജാതി മത വർണ്ണ വർഗ ഭേദമില്ലാതെ സകല മനുഷ്യരുടെയും രക്ഷകനായി അവതീർണ്ണനായ ദിവ്യപൈതലിന്റെ പുൽക്കൂട്ടിൽ നമുക്ക് ഒത്തുച്ചേരാം. ക്രിസ്തുവിന്റെ മൗതീക ശരീരമെന്ന നിലയിൽ നാം എല്ലാവരും സഹോദരിസഹോദരന്മാരാണ്. ക്രിസ്തുവാകുന്ന മുന്തിരിച്ചെടിയിൽനിന്നും ഒരുപോലെ ജീവരക്തം സ്വീകരിക്കുന്ന നമ്മെ ഒന്നിച്ചു മുന്നേറുവാൻ അവിടുന്ന് അനുഗ്രഹിക്കട്ടെ. ആഗതമാകുന്ന ക്രിസ്തുമസ്സിന്റെ മംഗളങ്ങൾ ഏവർക്കും നേരുന്നു.

സ്നേഹപൂർവ്വം നിങ്ങളുടെ പിതാവ്

✠ മാർ ജോൺ നെല്ലിക്കുന്നൽ
ഇടുക്കി രൂപതാ മെത്രാൻ.

NB: ഈ ഇടയലേഖനം ഡിസംബർ 10-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാന മധ്യേ വായിക്കേണ്ടതാണ്.